കേരള സർക്കാർ

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരളസംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി2/893/2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കൽപ്പറ്റ – 673121
തീയതി: 03.02.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് -2018-19സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-1 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി.2/893/19 തിയ്യതി: 03.02.2020.

## വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.01.2019 മുതൽ 5.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 24.01.2019 മുതൽ 30.09.2019 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ | ശ്രീമതി.വസന്ത. പി.എസ്.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.10.2019മുതൽ<br>21.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എ.ജി.കിഷോർ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.സമീർ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ടി.കെ.ലത, ഓഡിറ്റർ |
| | ശ്രീമതി.ഇന്ദു.കെ.നായർ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അനീഷ സുരേന്ദ്രൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വൈസ് പ്രസിഡന്റ് | ഷൈമ മുരളീധരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ബാബു ഷജിൽകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ഷബിത കെ | 01.04.2018മുതൽ 31.03.2019 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം) | എൻ. ജെ. ഷജിത് | 01.04.2018 മുതൽ 31.03.2019 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | മുഹമ്മദ് സലിം കെ | 01.04.2018 മുതൽ 25.09.2018 വരെ<br>10.11.2018 മുതൽ 31.03.2019 വരെ |
| | തോമസ് കെ. എം. (അധിക ചുമതല ) | 26.09.2018 മുതൽ 09.11.2018 വരെ |
| അസി.സെക്രട്ടറി | തോമസ് കെ എം | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ജയകുമാർ ജി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ.അനീഷ് പരമേശ്വരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. ജിബിനി സെബാസ്റ്റ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.റീന | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജിജിമോൻ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.സുനിൽ.കെ.ജി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഷിൻജു ഭരതൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മൈാസ്റ്റർ | ശ്രീ രമേശൻ ഏഴോക്കാരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | പ്രിൻസ്മോൻ എൻ. എ | 01.04.2018 മുതൽ 08.07.2018 വരെ |
| | ശ്രീമതി റോഷ്നി എ.വി | 09.07.2018 മുതൽ 31.03.2019 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ഗണേഷ് കുമാർ പി കെ | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>

| ക്രമ | വിവരണം | ഖണ്ഡിക നം. |
|---|---|---|

| നം. | | |
|---|---|---|
| | ഭാഗം - 1<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പുപദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | സാംഖ്യാ രസീതി ഉപയോഗത്തിലെ അപാകതകൾ | 1-12 |
| 13 | വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചതിൽ 2124രൂപ കുറവ് | 1-13 |
| 14 | ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയേക്കാൾ അധികം തുക നൽകി. നഷ്ടം 66225 രൂപ | 1-14 |
| 15 | ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കോൺക്രീറ്റ് പ്രവൃത്തി നടത്തി | 1-15 |
| 16 | സ്കൂളുകൾക്ക് ടോയലറ്റ് നിർമ്മാണം - എസ്റ്റിമേറ്റിലെ പ്രവൃത്തി നടത്താതെ തുക അനുവദിച്ചു | 1-16 |
| 17 | പേര്യ 37 റോഡ് കോൺക്രീറ്റ് - പൊതുപണം ദുരുപയോഗം നടത്തി | 1-17 |
| 18 | അങ്കണവാടികൾ റിപ്പയർ - ഗുണനിലവാരം കുറഞ്ഞ പ്രവൃത്തി നടത്തിയിട്ടും ഗുണമേന്മ കൂടിയ പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി തുക അനുവദിച്ചു | 1-18 |
| 19 | മാർഗ്ഗരേഖ ലംഘിച്ച് കുടുംബശ്രീ സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം നൽകി | 1-19 |
| 20 | .ലൈഫ് ഭവനപദ്ധതി - പൂർത്തികരിച്ചഘട്ടത്തിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തി | 1-20 |
| 21 | ലൈഫ് ഒന്നാം ഘട്ടം ഭവനപദ്ധതി പൂർണ്ണമായും പൂർത്തികരിച്ചിട്ടില്ല | 1-21 |
| 22 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല | 1-22 |
| | ഭാഗം -2<br>വരവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല | |
| | ഭാഗം - 3 | |

| | | |
|---|---|---|
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 23 | ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയേക്കാൾ അധികം തുക നൽകി. നഷ്ടം 66,225/- രൂപ | 3-1 |
| 24 | പേര്യ 37 റോഡ് കോൺക്രീറ്റ് - പൊതുപണം ദുരുപയോഗം നടത്തി | 3-2 |
| | ഭാഗം - 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 25 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 27 | നിക്ഷേപ പവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 33 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 36 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 37 | വാർഷിക കണക്കിലെ അപാകതകൾ | അനുബന്ധം-2 |
| 38 | വാർഷിക ധനകാര്യ പത്രിക – സംക്ഷിപ്തം | അനുബന്ധം-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 24.03.2018 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 22/01/2019 ലെ 6/19 -)ം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.(ആർ.ടി.) 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല. ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ, പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജന വിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല. സാമ്പത്തിക വ്യഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി/നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 08.02.2018 ലെ യോഗത്തിൽ നിർവഹണോദ്യോഗസ്ഥരോടും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും വിവരങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. സെക്രട്ടറി, വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച്, ജനവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല (കേ.പ.രാ.നിയമം വകുപ്പ് 214(1)).ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമപ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല.

നടപടിക്രമങ്ങൾ പാലിക്കാത്തത് മൂലം ഘടക സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടാതെയും അനിവാര്യ ചുമതലകളിൽപ്പെടുന്ന എല്ലാ മേഖലയിലും ആവശ്യത്തിന് തുക വകയിരുത്താതെയും പോകുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 03.04.2019 | - | |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹7,49,47,006 |
| വരവ് | ₹16,80,65,031 |
| ആകെ | ₹24,30,12,037 |
| ചെലവ് | ₹18,41,98,670 |
| നീക്കിയിരിപ്പ് | ₹5,88,13,367 |

## 1-4 ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി (ലാപ്സ്ഡ്) |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 34494604 | 34494604 | 33615071 | 879533 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 3962000 | 3962000 | 2896992 | 1065008 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 17049000 | 17049000 | 11111696 | 5937304 |
| [illegible] | | | | | |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 17853000 | 17853000 | 17853000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6249000 | 6249000 | 5261637 | 987363 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 16029000 | 16029000 | 16029000 | -- |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | -- | -- | -- | --- | -- |
| ബി ഫണ്ട് | 0 | 624998 | 624998 | 624998 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 25380720 | 15564563 | 40945283 | 15064785 | 25880498 |

# 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതി ചെലവുകണക്കുകൾ പ്രകാരം പഞ്ചായത്ത് 2018-19 വർഷം ആസൂത്രണം ചെയ്ത/ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ ഇപ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയവയുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയവയുടെ എണ്ണം | നടപ്പാക്കാത്തവയുടെ എണ്ണം | പൂർത്തീകരിച്ചവയുടെ ശതമാനം |
|---|---|---|---|---|---|---|
| 329 | 281575976 | 220 | 113920547 | 1 | 108 | 67% |

തൻവർഷം സ്പിൽ ഓവർ പദ്ധതികളുടെ അടക്കം ചെലവ് കണക്കാക്കുമ്പോൾ ലഭ്യമായ ഫണ്ടിന്റെ (₹ 281575976/-)40.45% ആണ് ചെലവ് നടത്തിയിട്ടുള്ളത്. സ്പിൽ ഓവർ പദ്ധതികളടക്കമുള്ള, ആസൂത്രണം ചെയ്ത് അംഗീകാരം നേടിയ മുഴുവൻ പദ്ധതികളും നടപ്പാക്കാൻ ശ്രമിക്കേണ്ടതാണ്. ആസൂത്രണം ചെയ്തപദ്ധതികളിൽ ആവശ്യത്തിന് തുക വകയിരുത്തിയിട്ടും 67% പദ്ധതികൾ മാത്രമാണ് നടപ്പാക്കാൻ കഴിഞ്ഞത്.

പദ്ധതികൾ നടപ്പാക്കിയത് സംബന്ധിച്ച് നിർവഹണോദ്യോഗസ്ഥരുടെ വിവരങ്ങൾ ഇപ്രകാരമാണ്.

| ക്രമ നം. | നിർവഹണോദ്യോഗസ്ഥർ | ആകെ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 2 | 1075000 | 1075000 | 100% |
| 2 | മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 545000 | 529050 | 97.07 |
| 3 | കൃഷി ഓഫീസർ | 12 | 12 | 8725883 | 5272368 | 60.42 |
| 5 | സെക്രട്ടറി | 26 | 18 | 6970150 | 4462382 | 64.02 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 6 | 119484714 | 23868700 | 19.98 |
| 7 | വെറ്ററിനറി സർജൻ | 14 | 11 | 12268655 | 7508366 | 61.2 |

| | | | | | | |
|---|---|---|---|---|---|---|
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 205 | 125 | 95822856 | 50682972 | 52.89 |
| 9 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 12 | 13449315 | 10256793 | 76.26 |
| 10 | ഹെഡ് മിസ്ട്രസ് | 18 | 14 | 7770000 | 5926376 | 76.27 |
| 11 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 15 | 12 | 3120000 | 2184264 | 70 |
| 12 | അസി.സെക്രട്ടറി | 12 | 4 | 11797833 | 1608206 | 13.63 |
| 13 | ടി.ഇ.ഒ | 1 | 1 | 546570 | 546570 | 100 |
| | ആകെ | 329 | 220 | 281575976 | 113920547 | |

മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തി, തുകകൾ വകയിരുത്തി നടപ്പാക്കിയ പദ്ധതികൾ പൂർണ്ണമായി നടപ്പാക്കാൻ കഴിയാത്തത് അംഗീകരിക്കാവുന്നതല്ല. പദ്ധതിനടത്തിപ്പ് കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 41429 | 1105796 | 1147225 | 1117733 | 29492 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 73099494 | 73099494 | 73099494 | |
| മെറ്റീരിയൽസ് | | 83103214 | 83103214 | 83103214 | |
| ആകെ | 41429 | 1573308504 | 157349983 | 1573320441 | 29492 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 150840 | 91 |
| കർഷകതൊഴിലാളി പെൻഷൻ | 5760000 | 504 |
| വിധവാപെൻഷൻ | 21116100 | 1882 |
| വാർദ്ധക്യകാലപെൻഷൻ | 29102400 | 2957 |
| വികലാംഗപെൻഷൻ | 4951600 | 418 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12727/-രൂപ ( പന്ത്രണ്ടായിരത്തി എഴുനൂറ്റി ഇരുപത്തി ഏഴ് ) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

എ) കൃത്യമായി ഓഫീസ് മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് ഓർഡർ നൽകിയിട്ടുണ്ട്. ജീവനക്കാരുടെ പ്രവർത്തന അവലോകനം നടത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ക്ലറിക്കൽ ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടുണ്ട്. തപാൽ വിതരണം കാര്യക്ഷമമാണ്. രജിസ്റ്ററുകളും വൗച്ചറുകളും നല്ല രീതിയിൽ സൂക്ഷിക്കുന്നുണ്ട്.

ബി) വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം

പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ ഗ്രാമ,ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ പാലിക്കേണ്ട നടപടിക്രമങ്ങളും ചുമതലകളും സംബന്ധിച്ച് 29.01.2018 ലെ ജി.ഒ.(എം.എസ്)11/2018.ത.സ്വ.ഭ.വ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലുമുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകളും മേൽ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി രൂപികരണം, നിർവഹണം, മോണിറ്ററിംഗ് എന്നിവ നടത്തിയതായി കാണുന്നില്ല. വർക്കിംഗ്ഗ്രൂപ്പ് യോഗങ്ങളിൽ ഓരോ മേഖലകളിലെയും നിലവിലെ സ്ഥിതി അവലോകനം ചെയ്തതായി കാണുന്നില്ല. ഏതാനും പദ്ധതിനിർദ്ദേശങ്ങൾ നൽകുക എന്നതിൽ കവിഞ്ഞ് മറ്റ് ചർച്ചകൾ നടന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ പദ്ധതിരൂപീകരണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് മതിയായ പങ്ക് വഹിക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതായി വർക്കിംഗ്ഗ്രൂപ്പ് യോഗങ്ങളിൽ കാണുന്നില്ല. അതുകൊണ്ട്തന്നെ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ട് തയ്യാറാക്കുകയോ, പ്രോജക്ടുകൾ വാർഡ് സഭകളിൽ ചർച്ചചെയ്ത് അന്തിമപദ്ധതിയിലേക്ക് എത്തുകയോ ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ചർച്ച ചെയ്യാത്ത പല പദ്ധതികളും തൻവർഷം നടപ്പാക്കിയിട്ടുണ്ട്.

സി) ഗുണഭോക്തൃ തെരെഞ്ഞെടുപ്പ്

2018-19 വർഷം പഞ്ചായത്ത് നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3, ജി.ഒ.(പി)-220/97/ത.ഭ.വ.2.10.97 എന്നിവ പാലിക്കുന്നില്ലയെന്ന് ശ്രദ്ധയിൽപ്പെട്ടു.ഗ്രാമസഭകൾ മുഖാന്തിരം ആവശ്യമായ പ്രചാരണം നടത്തി മുൻഗണനാക്രമത്തിൽ ഓരോ വാർഡുകളിലും മുൻഗണനാലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് യോഗത്തിലാണ് പട്ടിക തയ്യാറാക്കേണ്ടത്. ഗ്രാമപഞ്ചായത്ത് യോഗത്തിൽ പ്രാദേശിക മാധ്യമപ്രവർത്തകർക്കും പൊതുജനങ്ങൾക്കും പ്രവേശനം നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് തയ്യാറാക്കിയ പട്ടിക കരടായി പ്രസിദ്ധീകരിക്കേണ്ടതും കരട് ലിസ്റ്റിൻ മേൽ ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിച്ച് അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകളിൽ ഒന്നിലുംതന്നെ പദ്ധതി മാനദണ്ഡങ്ങൾക്കനുസരിച്ച്

വർക്കിംഗ് ഗ്രൂപ്പ് മാർക്ക് നൽകിയതായി കാണുന്നില്ല. പദ്ധതി രൂപീകരണം മുതൽ മോണിറ്ററിംഗ് വരെയുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് കൂടുതൽ സുതാര്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതിനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/09/2019 | 2018-19 | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12/12/2017 | 2013-14 - 2016-17 | 1.2.2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് സാക്ഷ്യപത്രം വിശേഷണങ്ങളോടു കൂടിയത് ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. (നം. കെ.എസ്.എ. ഡബ്ല്യു.വൈ.ഡി. പി.2-460/19 തീയതി 23.08.2019) വാർഷിക കണക്കിലെ അപാകതകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-12 സാംഖ്യാ രസീതി ഉപയോഗത്തിലെ അപാകതകൾ

പഞ്ചായത്തിൽ പണം പിരിക്കുന്നതിന് രസീതികൾ ഉപയോഗിക്കുന്ന സാഹചര്യത്തിൽ രസീതിയുടെ അസ്സൽ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും, പകർപ്പ് നികുതിദായകന് നൽകേണ്ടതുമാണ്. ഫ്രണ്ടോഫീസിൽ പണം സ്വീകരിക്കുന്നതിന് ഉപയോഗിച്ച സാംഖ്യാ രസീതിയുടെ പകർപ്പാണ് പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നത് (രസീതി നമ്പർ - 119010100470/12.06.2019, സ്റ്റേഷനറി നമ്പർ - 1603590). ഇത്തരത്തിലുള്ള അപാകത സംഭവിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് ഫ്രണ്ട് ഓഫീസിലെ തിരക്കു കാരണം കൗണ്ടർ ഫോയിൽ അപേക്ഷകന് നൽകുകയാണ് ഉണ്ടായതെന്നും മറുപടി നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്

## 1-13 വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത

പഞ്ചായത്ത് നൽകിയ 101/17-18-)ം നമ്പർ പെർമ്മിറ്റ് പ്രകാരം 434.57 ച.മീ തറവിസ്തീർണ്ണമുള്ള രണ്ടു നിലയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 7/11/2018 ൽ 8/56എ മുതൽ 8/56ഐ വരെ കെട്ടിട നമ്പർ നൽകിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ ഫോം 6 ൽ ആകെ 404.33 ച.മീ തറവിസ്തീർണ്ണത്തിന് മാത്രമേ നികുതി നിർണ്ണയിച്ചിട്ടുള്ളൂ. 30.24 ച.മീ. ന് നികുതി നിർണ്ണയിച്ചിട്ടില്ല. 2011 ലെ വസ്തുനികുതി നിർണ്ണയ ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന് ആനുപാതികമാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത്. 30.24 ച.മീ ന് നികുതി നിർണ്ണയിച്ചിട്ടില്ല. അപാകതകൾ ചൂണ്ടിക്കാണിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കെട്ടിടത്തിലെ തറനിലയിലെ സ്റ്റെയർ റൂമിന്റെ വിസ്തൃതി (30.24 ച.മീ) തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്താൻ വിട്ടുപോയതിനാലാണ് ഇത്തരത്തിലുള്ള അപാകതകൾ സംഭവിച്ചതെന്നും പ്രസ്തുത റൂമിന് 8/56ജെ നൽകി സഞ്ചയയിൽ ഉൾപ്പെടുത്തി 2124/- രൂപ വാർഷിക വസ്തുനികുതി (വസ്തുനികുതി= 1815രൂപ, സേവന ഉപനികുതി = 218രൂപ, ലൈബ്രറി സെസ്സ്= 91രൂപ) നിശ്ചയിച്ച് ഫോറം 6 ഹാജരാക്കിയിട്ടുണ്ട്. 11.10.2018ൽ നിർമ്മാണം പൂർത്തീകരിച്ചതിനാൽ രണ്ടാം അർദ്ധവർഷത്തിലെ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയേക്കാൾ അധികം തുക നൽകി. നഷ്ടം 66225/- രൂപ

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പ്രവർത്തികളിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം തുക നൽകിയതിനാൽ 66,225/- രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-15 ടിഎസ് പി ഫണ്ട് ഉപയോഗിച്ച് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കോൺക്രീറ്റ് പ്രവൃത്തി നടത്തി

പ്രോജക്ടിന്റെ പേര് - വെളുത്തോണ്ടി കോളനി റോഡ് കോൺക്രീറ്റ്

പ്രോജക്ട് നമ്പർ - 122/19

അടങ്കൽ - വികസനഫണ്ട് ടി.എസ്.പി - 3,00,000/-

കോൺട്രാക്ടർ - കുര്യച്ചൻ.കെ.കെ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ചെലവഴിച്ച തുക – 3,00,000/-

ഗ്രാമപഞ്ചായത്തിലെ വെളുത്തോണ്ടി കോളനിയിലേക്കുള്ള റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതി നടപ്പിലാക്കുന്നതിന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടുണ്ട്. കോളനിയിൽ നിന്നും പ്രവൃത്തി ആരംഭിക്കുന്നതിനാണ് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. കോളനിയിലേക്കുള്ള വഴി സ്വകാര്യ ഭൂമിയാണെന്നും ആയതിനാൽ പ്രസ്തുത സ്ഥലത്ത് ടി.എസ്.പി പദ്ധതി പണം ഉപയോഗിച്ച് റോഡ് നിർമ്മാണം സാധ്യമല്ലെന്നും ഈ സാഹചര്യത്തിൽ കോളനിക്കകത്ത് നിന്ന് റോഡ് നിർമ്മാണം ആരംഭിക്കാമെന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം പട്ടികവർഗ്ഗ കോളനികൾക്കത്ത് കൂടിയുള്ളതോ, കോളനികളിലേക്ക് മാത്രമായുള്ളതോ ആയ റോഡുകൾക്ക് മാത്രമേ ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് റോഡ് നിർമ്മിക്കാൻ അനുമതിയുള്ളൂ. ആലാറ്റിൽ ഇരുമനത്തൂർ റോഡിൽ നിന്നും കോളനിയിലേക്കുള്ള റോഡ് ആണെന്ന രീതിയിലാണ് സൈറ്റ് മാപ്പ് തയ്യാറാക്കിയിട്ടുള്ളത്. 15/10/2019 ന് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ , റോഡ് നിർമ്മാണം നടത്തിയിരിക്കുന്നത് ആലാറ്റിൽ ഇരുമനത്തൂർ റോഡിൽ നിന്നും കരിമ്പിൽ റോഡിലേക്കുള്ള ലിങ്ക് റോഡിന്റെ ആരംഭ ഭാഗത്താണ്. ഈ റോഡ് കോളനിയിലേക്ക് മാത്രമായുള്ള റോഡുമല്ല. ജനറൽ വിഭാഗക്കാരുടെ മാത്രം സ്ഥലമാണ് ഈ

റോഡിനിരുവശത്തുമുള്ളത്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നടത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/17/10/2019)ക്ക് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. ചെലവഴിച്ച് ₹3,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉചിതമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 സ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമ്മാണം - എസ്റ്റിമേറ്റിലെ പ്രവൃത്തി നടത്താതെ തുക അനുവദിച്ചു

1.പ്രോജക്ട് - സർവ്വോദയം യു.പി.സ്കൂൾ ടോയ്‌ലറ്റ്

പ്രോജക്ട് നം. - 147/19

അടങ്കൽ - വികസനഫണ്ട് - 2,50,000/- രൂപ

കോൺട്രാക്ടർ - കുര്യച്ചൻ.കെ.കെ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

2.പ്രോജക്ട് - ആലാറ്റിൽ നിർമ്മല സ്കൂളിന് ഗേൾസ് ഫ്രണ്ട് ലി ടോയ് ലറ്റ്

പ്രോജക്ട് നം. - 356/19

അടങ്കൽ - വികസനഫണ്ട് - 3,00,000/- രൂപ

കോൺട്രാക്ടർ - ഉസ്മാൻ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗ്രാമപഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകളായ നിർമ്മല സ്കൂൾ, സർവ്വോദയം യു.പി.സ്കൂൾ എന്നിവയ്ക്ക് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയത്. സ്ഥലപരിശോധനയിൽ കക്കൂസ് കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷൻ പ്രകാരം ചില പ്രവൃത്തികൾ പൂർത്തീകരിച്ചതായി കാണാൻ കഴിഞ്ഞില്ല. എസ്റ്റിമേറ്റ് ഇനം 11 അനുസരിച്ച് വാതിലിന് 50x47mm വലിപ്പത്തിലുള്ള പിവിസി കട്ടിളകൾ (5mm കനത്തിലുള്ള പി.വി.സി പ്രൊഫൈൽ) ആണ് സ്ഥാപിക്കേണ്ടത്. ബില്ല്, എം.ബുക്ക് എന്നിവ പ്രകാരവും ഇത്തരത്തിലുള്ളവ സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപിച്ച പി.വി.സി. കട്ടിള ഇത്തരത്തിൽ ഗുണനിലവാരമുള്ളവയല്ല. ആംഗ്ലർ സ്വഭാവത്തിലുള്ള കനം കുറഞ്ഞ പി.വി.സി. വാതിൽ കട്ടിളയാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. കൂടാതെ എസ്റ്റിമേറ്റ് ഇനം നം 12 പ്രകാരം പ്ലൈവുഡ് പാനലിംഗ് നടത്തിയ വാതിലുകളാണ് സ്ഥാപിക്കേണ്ടത്. എന്നാൽ ഗുണനിലവാരമില്ലാത്തതും സർക്കാർ നിർദ്ദേശിച്ച പ്രൈസ് സോഫ്റ്റ് വെയർ സ്പെസിഫിക്കേഷനിൽ (സ്പെസിഫിക്കേൻ കോഡ് 9.12 ആണ് പി.വി.സി. ഡോർ ആണെങ്കിൽ സ്ഥാപിക്കേണ്ടത്) ഉൾപ്പെടാത്തതുമായ പി.വി.സി. വാതിലുകളാണ് സ്ഥാപിച്ചിട്ടുള്ളത്. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.9/18-19/16.10.19തീയതി) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 പേര്യ 37 റോഡ് കോൺക്രീറ്റ് - പൊതുപണം ദുരുപയോഗം നടത്തി

പ്രോജക്ടിന്റെ പേര് - പേര്യ 37 റോഡ് കോൺക്രീറ്റ്

പ്രോജക്ടിന്റെ നമ്പർ - 191/19

മാനന്തവാടി തലശ്ശേരി റോഡിൽ പേര്യ37 ബസ് സ്റ്റോപ്പിന് സമീപത്ത് നിന്നും ആരംഭിച്ച് 137 മീറ്റർ നീളത്തിലും 3മീറ്റർ വീതിയിലും 17.5 സെ.മീ കനത്തിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കൂടി കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നതിനാണ് പദ്ധതി തയ്യാറാക്കിയത് .വനംവകുപ്പിന്റെ അനുമതിയില്ലാത്തതിനാൽ വനംവകുപ്പിന്റെ സ്ഥലത്ത് റോഡ് പ്രവൃത്തി നടത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ തന്നെ റോഡിന്റെ നീളം കുറച്ച് വീതി കൂട്ടി പ്രവൃത്തി ചെയ്തു. നിലവിലെ എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ് വീതി കൂട്ടുന്നതിന് ഭരണ സമിതി അംഗീകാരം നൽകിയതായി കാണുന്നില്ല. കൂടാതെ എം.ബുക്ക് പേജ് നം 6, 7,8,9 എന്നിവ പ്രകാരം കോൺക്രീറ്റ് പ്രവൃത്തികൾക്ക് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 1,10,397/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക

# 1-18 അങ്കണവാടികൾ റിപ്പയർ - ഗുണനിലവാരം കുറഞ്ഞ പ്രവൃത്തി നടത്തിയിട്ടും ഗുണമേന്മ കൂടിയ പ്രവൃത്തി നടത്തിയതായി രേഖപ്പെടുത്തി തുക അനുവദിച്ചു

പ്രോജക്ടിന്റെ പേര് - അങ്കണവാടികൾ റിപ്പയർ

പ്രോജക്ടിന്റെ നമ്പർ - 173/19

അടങ്കൽ - വികസനഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) – ₹10,00,000/-

കോൺട്രാക്ടർ - ഷമീർ.എ, കണിയാമ്പറ്റ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളായ പേര്യ (₹.76254/-), ചിറക്കൊല്ലി (₹573034/-), അമ്പലക്കൊല്ലി (₹23900/-) കാരച്ചാൽ (₹50,789/-) ആകെ 10,00,000/- രൂപ വകയിരുത്തി റിപ്പയർ പ്രവൃത്തികൾ നടത്തുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രസ്തുത എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ഭരണസമിതിയുടെ 18.08.2018 തീയതിയിലെ 2-)ം നമ്പർ തീരുമാനം പ്രകാരം ഏറ്റവും കറവ് തുക രേഖപ്പെടുത്തിയ ₹879634.99 ഷമീർ.എ എന്ന കോൺട്രാക്ടറുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ആയതിന് ശേഷം 6.10.18 ന് കോൺട്രാക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ കത്തിന്റെ അടിസ്ഥാനത്തിൽ , വികസനകാര്യ സ്ഥിരം സമിതിയുടെ 12.11.18 ലെ 7ാം നമ്പർ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ 13.11.2018 തീയതിയിലെ 3(7) തീരുമാനം പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകി. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിന്റെയും 15.10.2019ന് നടത്തിയ സ്ഥല പരിശോധനയുടെയും അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ അപേക്ഷ ഫയലിൽ ഇല്ല.എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള അടിയന്തര സാഹചര്യം അതിനാൽ വ്യക്തമല്ല. എസ്റ്റിമേറ്റ് പുതുക്കുന്നതിന് തയ്യാറാക്കിയ വിശദമായ

എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ ഇല്ല.

2. കരാറിൽ ഏർപ്പെട്ടതിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ കാരണം വ്യക്തമല്ല. റിവൈസ്ഡ് എസ്റ്റിമേറ്റിൽ, ഒറിജിനൽ എസ്റ്റിമേറ്റിലെ പല ഇനങ്ങളും ഒഴിവാക്കിയിരിക്കുന്നു. കൂടാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് BOQ റേറ്റിലാണ്. ഇതും ക്രമവിരുദ്ധമാണ്.

3.ഒറിജിനൽ എസ്റ്റിമേറ്റിന്റെ ക്രമത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ശേഷം 19 അധിക ഇനങ്ങളുടെ എസ്റ്റിമേറ്റ് ഉൾപ്പെടുത്തി. ഇത് ഏതെല്ലാം അങ്കണവാടികളിൽ നടത്തേണ്ട പ്രവൃത്തിയാണെന്ന് വ്യക്തമല്ല. അധിക പ്രവൃത്തി നടത്തിയത് എവിടെയെല്ലാമാണെന്ന് സ്ഥലപരിശോധനാ വേളയിലും നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടില്ല. ഒറിജിനൽ എസ്റ്റിമേറ്റിൽ ഓരോ അങ്കണവാടിക്കും വേണ്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. ഇതിന് ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ആദ്യത്തെ ടെണ്ടർ ലഭിച്ചയാൾക്ക് നൽകുകയാണ് ചെയ്തത്.

4.കാരച്ചാൽ അങ്കണവാടിയിൽ റിപ്പയർ പ്രവൃത്തികൾ നടത്തുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ബില്ലിലും എം.ബുക്കിലും കാരച്ചാൽ അങ്കണവാടിയിലാണ് പ്രവൃത്തി നടത്തിയത് എന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി നടത്തിയത് വാളാട് അങ്കണവാടിയിലാണെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥലപരിശോധന വേളയിൽ അറിയിച്ചത്. ഒരു അങ്കണവാടിക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റ് ഉപയോഗിച്ച് മറ്റൊരു അങ്കണവാടിയിൽ പ്രവൃത്തി നടത്തിയത് എങ്ങനെയെന്ന് വ്യക്തമല്ല.

5. എസ്റ്റിമേറ്റ് പ്രകാരം നടത്തേണ്ട പല പ്രവൃത്തികളും നടത്താതെയാണ് തുക നൽകിയത് . അങ്കണവാടികളിൽ ട്രഫോൾഡ് ഷീറ്റ് ഇടുന്ന പ്രവൃത്തികളിൽ ഉപയോഗിക്കേണ്ട ഷീറ്റുകൾക്ക് 0.50mm ട്രഫോൾഡ് ഷീറ്റ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. എം.ബുക്കിലും ബില്ലിലും ഇത് സ്ഥാപിച്ചു എന്ന് രേഖപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ സ്ഥാപിച്ചിട്ടുള്ളത് 0.35 mm കനമുള്ള ഷീറ്റുകളാണ്. ഗുണമേൻമ കുറഞ്ഞ ഷീറ്റുകൾ സ്ഥാപിച്ച് പ്രവൃത്തി നടത്തിയപ്പോൾ കരാറുകാരനെതിരെ നടപടി സ്വീകിരിച്ചില്ല എന്ന് മാത്രമല്ല ഗുണമേന്മയുള്ള ഷീറ്റുകൾ സ്ഥാപിച്ചു എന്ന് രേഖപ്പെടുത്തി തുക അനുവദിക്കുകയും ചെയ്തു.

6. ചിറക്കൊല്ലി അങ്കണവാടിയിൽ 18.ച.മീ ഷീറ്റ് മേഞ്ഞതിനുള്ള തുകയാണ് നൽകിയത്. എന്നാൽ പ്രസ്തുത സ്ഥലത്ത് 7.8 ച.മീ ട്രഫോൾഡ് ഷീറ്റ് മേയുന്ന പ്രവൃത്തി മാത്രമാണ് നടത്തിയിട്ടുള്ളത്.

മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8തീയതി 16.10.2019 ക്ക് നൽകിയ മറുപടിയിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനേക്കാൾ ഗുണനിലവാരം കുറഞ്ഞ ഷീറ്റുകളാണ് മേഞ്ഞത് എന്ന് മെഷർമെന്റ് എടുത്ത സമയത്ത് ശ്രദ്ധയിൽപ്പെട്ടില്ല എന്നും ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നുമാണ്. ഇത് ഗുരുതരമായ വീഴ്ചയാണ്.

# 1-19 കുടുംബശ്രീ സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം - മാർഗ്ഗരേഖ ലംഘനം നഷ്ടം ₹.50,000/-

| | |
|---|---|
| പ്രോജക്ട് നം. | S0051/19 |
| പ്രോജക്ട് | കുടുംബശ്രീ സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം |
| അടങ്കൽ | ₹3,00,000/-(വികസനഫണ്ട്) |

| | |
|---|---|
| ചെലവ് | ₹2,00,000/- |
| ബിൽ നം./തീയതി | 09/18-19/25/10/2018 – ₹ -100000/-<br>20/-18-19/23/03/2019 – ₹ -100000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ഗ്രൂപ്പുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങൾക്ക് പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ വായ്പകൾക്ക് ശുപാർശ ചെയ്യുകയും ലഭിച്ച വായ്പയുടെ 50 ശതമാനമോ അല്ലെങ്കിൽ 1,00,000/- യോ ഏതാണോ കുറവ് അത് ബാക്ക് എന്റ് സബ്സിഡി ആയി സംരംഭത്തിന് നൽകുകയാണ് പദ്ധതി ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ 22-)o വാർഡിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാർസ് എൽ.ഇ.ഡി നിർമ്മാണ യൂണിറ്റിനും, 10-)o വാർഡിലെ ഉദയഗിരിയിലെ പ്രതീക്ഷ കുടുബശ്രീയുടെ ആട് വളർത്തൽ യൂണിറ്റിനുമാണ് 1,00,000/-രൂപ വീതം മേൽ ബില്ലുകൾ പ്രകാരം കുടുംബശ്രീ ഗ്രൂപ്പുകളുടെ അക്കൗണ്ടിലേയ്ക്ക് സബ്സിഡി നൽകിയിട്ടുള്ളത്. (വിശദാംശങ്ങൾക്ക് -ഖണ്ഡിക -3-3 കാണുക)

## 1-20 .ലൈഫ് ഭവനപദ്ധതി - പൂർത്തികരിച്ചഘട്ടത്തിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തി

ഗ്രാമപഞ്ചായത്ത് 2012-13ൽ പട്ടികജാതി വനിതാ ഭവനം പദ്ധതിപ്രകാരം നടപ്പാക്കിയ ഭവനനിർമ്മാണ പ്രവ്യത്തികളിൽ പൂർത്തീകരിക്കാത്ത ഭവനനിർമ്മാണ പ്രവ്യത്തികൾ ലൈഫ് പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചുവരുന്നു. ഇത് സംബന്ധിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ഫയൽ പരിശോധിച്ചതിൽ 2012-13 ൽ പട്ടികജാതി വനിതാ ഭവനം പദ്ധതിയിൽ പൂർത്തീകരിച്ച ഇനങ്ങൾക്ക് വീണ്ടും ലൈഫ് പദ്ധതിയിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പണം ചെലവഴിച്ചിട്ടുണ്ട്. 31/08/2018ലെ ലൈഫ് മിഷൻ കോർഡിനേറ്ററുടെ നം.പി.സി13-338/17(3) പ്രകാരം ശ്രീമതി അമൃത അജേഷ് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടതാണെന്ന സാക്ഷ്യപത്രം ഹാജരാക്കിയതിനാൽ ഭരണസമിതിയുടെ തീരുമാനപ്രകാരം (4(5)/22/06/2018) പട്ടികവർഗ്ഗക്കാരുടെ പൂർത്തികരിക്കാത്ത ഭവനത്തിൽപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട് (മാനന്തവാടി തഹിസൽദാറുടെ 04/04/2018ലെ H2-2217/2018). ആയതിൻ പ്രകാരം തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിൽ മൺപണി മുതലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഒരു പ്രാവശ്യം നടപ്പാക്കിയ ഇനങ്ങൾക്ക് വീണ്ടും അതേ ആവശ്യത്തിന് തുക വകയിരുത്തി അനുവദിച്ചത് അംഗീകരിക്കുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, ലൈഫ് ഐ.ഡി. നം. | പദ്ധതി പ്രകാരം പൂർത്തി യാക്കിയ ഘട്ടം | ഗ്രാമപഞ്ചായത്തിന്റെ മുൻ ഭവന പദ്ധതി പ്രകാരം കൈപ്പറ്റിയ തുക | ലൈഫ് എസ്റ്റിമേറ്റ് തുക | ലൈഫ് പൂർത്തിയായ ഘട്ടം/ നൽകിയ തുക | പൂർത്തിയായ ഘട്ടത്തിന് വകയി രുത്തിയ തുക |
|---|---|---|---|---|---|---|
| 1 | അമൃത അജേഷ് പുത്തൻവീട് തവിഞ്ഞാൽ | തറപണി കഴിഞ്ഞു | 80,000/- | 4,60,000/- | ലിന്റൽ 2,50,000/- | ഐറ്റം നമ്പർ 1-3,3(a) വരെ 45854.74 |

പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തികരണത്തിനുള്ളമാർഗ്ഗനിർദ്ദേശങ്ങളിലെ (ജി.ഒ.(എം.എസ്.) നം.196/2017/തസ്വഭാവ തീയതി 11.10.2017)ഖക നം. VI - പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് യഥാർത്ഥ നിർമ്മാണ ചെലവിന് അർഹതയുണ്ടായിരിക്കുന്നതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. കൂടാതെ കാലപ്പഴക്കംകൊണ്ട് നിലവിൽ പൂർത്തികരിച്ചഘട്ടം ഉപയോഗ ശൂന്യമാണെങ്കിൽ ആയത്, റ്റി.പി.റ്റി.എയോ കർമ്മസമിതിയോ, ഓരോ ഭവനവും സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ പൂർത്തികരിച്ച ഘട്ടം ഉപയോഗ ശൂന്യമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഒരു സാക്ഷ്യപ്പെടുത്തൽ ഇല്ല. 10/03/2015 ൽ രണ്ടാം ഗഡു കൊടുക്കുന്നതിന് ഹാജരാക്കിയ വൗച്ചറിനൊപ്പം തറപണി പൂർത്തികരിച്ചതിന്റെ ഫോട്ടോ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. (എസ്റ്റിമേറ്റ് തയ്യാറാക്കിയത് - അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി,ഡി സെക്ഷൻ ,തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്). സ്ഥലപരിശോധനയിൽ പഴയ തറപൊളിച്ച് പണിതായി ബോദ്ധ്യപ്പെട്ടിട്ടില്ല കൂടാതെ ലിന്റൽ പൊക്കം വരെ മാത്രമേ വീടുപണി പൂർത്തികരിച്ചിട്ടുള്ളൂ. അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 11/18-19,തീയ്യതി 17/10/2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

2012-13 പദ്ധതിയിൽ പൂർത്തീകരിച്ച ഇനങ്ങൾക്ക് വീണ്ടും ലൈഫ് പദ്ധതിയിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പണം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-21 ലൈഫ് ഒന്നാം ഘട്ടം ഭവനപദ്ധതി പൂർണ്ണമായും പൂർത്തികരിച്ചിട്ടില്ല

തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ ലൈഫ് ഒന്നാംഘട്ടം ഭവനപദ്ധതിയിലെ 166 ഗുണഭോക്താക്കളിൽ 32 ഗുണഭോക്താക്കൾ നാളിതുവരെയായും വീട് പണി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈഫ് ഐഡി നമ്പർ | ഗുണഭോക്താവിന്റെ പേര് | ലൈഫ് ഭവന പദ്ധതി പ്രകാരം നാളിതുവരെ നൽകിയ തുക | ലൈഫ് ഭവന പദ്ധതിയിൽ പൂർത്തീകരിച്ച ഘട്ടം | നിർവ്വഹണ ഉദ്യോഗസ്ഥൻ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 10149 | കേളു.സി.കെ ചെപ്പിലോട്ട് വീട് വെൺമണി | 3,80,000 | മേൽക്കൂര | അസി. സെക്രട്ടറി | പണിപൂർത്തീ കരിച്ചിട്ടില്ല. |
| 2 | 80161 | കറപ്പൻ അമ്പലക്കുന്ന് കോളനി | 50,000 | മേൽക്കൂര | അസി. സെക്രട്ടറി | --ടി-- |
| 3 | 74555 | ബാലൻ അയനിക്കൽ | 1,47,000 | മേൽക്കൂര | അസി. സെക്രട്ടറി | --ടി-- |
| 4 | 11268 | പത്മിനി ചിറ്റുതടത്തിൽ | 3,15,000 | മേൽക്കൂര | അസി. സെക്രട്ടറി | --ടി-- |
| 5 | 11320 | പൊന്നു | 55,000 | പണി ആരംഭിച്ചിട്ടില്ല | അസി.സെക്രട്ടറി | അഡ്വാൻസ് വാങ്ങി പണി ആരംഭിച്ചിട്ടില്ല |
| 6 | 10079 | ബാലൻ ചോയിലാറ്റ് | 71,000 | തറ കെട്ടി | അസി. സെക്രട്ടറി | അഡ്വാൻസ് വാങ്ങി പണി ആരംഭിച്ചിട്ടില്ല. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | കാലവർഷക്കെടുത്തിയിൽ മണ്ണിടിഞ്ഞ് തറ ഉപയോഗശൂന്യമായി |
| 7 | 25022 | ഷീല ബാബുരാജ് | 1,50,000 | ലിന്റൽ | വില്ലേജ് എക്സ്റ്റഷൻ ഓഫീസർ | പണിപൂർത്തീകരിച്ചിട്ടില്ല. |
| 8 | 31394 | ഇ.ഡി മത്തായി | 70,000 | ലിന്റൽ | --ടി-- | --ടി-- |
| 9 | 29684 | റഹ്മത്ത് നവാസ് | 1,70,000 | ലിന്റൽ | --ടി-- | --ടി-- |
| 10 | 30467 | മൊയ്തുചിറക്കൊല്ലി | 2,20,000 | ലിന്റൽ | --ടി-- | --ടി-- |
| 11 | 25421 | ശാന്ത വേലായുധൻ | 80,000 | മേൽക്കൂര | --ടി-- | --ടി-- |
| 12 | 24953 | ജോഷി ജോസഫ് | 70,000 | തറ | --ടി-- | --ടി-- |
| 13 | 25223 | യശോധ കുമാരൻ | 1,00,000 | തറ | --ടി-- | ച |
| 14 | 25820 | ജോസഫ്തോമസ് | 2,70,000 | ലിന്റൽ | --ടി-- | --ടി-- |
| 15 | 27365 | ഫ്രാൻസിസ് | 60,000 | തറ | --ടി-- | --ടി-- |
| 16 | 29299 | ഗീത മനോഹരൻ | 90,000 | ലിന്റൽ | --ടി-- | --ടി-- |
| 17 | 29371 | ബിജു അഗസ്റ്റ്യൻ | 1,00,000 | തറ | --ടി-- | --ടി-- |
| 18 | 25941 | അപ്പുക്കുട്ടൻ നായർ | 1,00,000 | തറ | --ടി-- | --ടി-- |
| 19 | 29254 | അമൃത സുരേഷ് | | ലിന്റൽ | --ടി-- | --ടി-- |
| 20 | 25397 | സിദ്ദീഖ് മുഹമ്മദ് | 50,000 | ലിന്റൽ | --ടി-- | --ടി-- |
| 21 | 29171 | വിജയകുമാരി | ------ | ലിന്റൽ | --ടി-- | പണി ആരംഭിച്ചിട്ടില്ല |
| 22 | 30210 | ബാബു ബൈരൻ | 20,000 | മേൽക്കൂര | --ടി-- | പണിപൂർത്തീകരിച്ചിട്ടില്ല. |
| 23 | 30713 | സുരേന്ദ്രൻ | 50,000 | തറ | --ടി-- | --ടി-- |
| 24 | 29829 | സുഭാഷിണി | 90,000 | തറ | --ടി-- | --ടി-- |
| 25 | 12362 | മണിയൻ s/o ചാപ്പൻ | 557500 | മേൽക്കൂര | ട്രൈബൽ എക്സ്റ്റഷൻ ഓഫീസർ | പണിപൂർത്തീകരിച്ചിട്ടില്ല |
| 26 | 12364 | ജയൻ s/o കേളു | 457500 | മേൽക്കൂര | ട്രൈബൽ എക്സ്റ്റഷൻ ഓഫീസർ | --ടി-- |
| 27 | 12367 | ബാലകൃഷണൻ റ്റി | 275000 | മേൽക്കൂര | --ടി-- | --ടി-- |
| 28 | 15535 | വെള്ളൻ s/o വലിയചന്തു | 400000 | മേൽക്കൂര | --ടി-- | --ടി-- |
| 29 | 19184 | ബാലകൃഷണൻ s/o അച്ചപ്പൻ | 345000 | മേൽക്കൂര | --ടി-- | --ടി-- |
| 30 | 19262 | മാധവി w/o രാമചന്ദ്രൻ | 200000 | മേൽക്കൂര | --ടി-- | --ടി-- |
| 31 | 19470 | കീര w/o രാമൻ | 250000 | മേൽക്കൂര | --ടി-- | --ടി-- |
| 32 | 22085 | കമലാക്ഷി w/o രാമൻ | 149570 | മേൽക്കൂര | --ടി-- | --ടി-- |
| 33 | 21095 | ലക്ഷമി | 100000 | മേൽക്കൂര | --ടി-- | --ടി-- |

| | | W/O കേളപ്പൻ | | | | |
|---|---|---|---|---|---|---|

ലൈഫ് ഭവനപദ്ധതി പ്രകാരം പൂർത്തീകരിക്കാനുള്ള ഭവനങ്ങൾ പൂർത്തീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായില്ല

പ്രോജക്ട് നമ്പർ - 166 / 18-19

പ്രോജക്ടിന്റെ പേര് -ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ

തുക – ₹3,50,000/-

ബിൽ നമ്പർ തിയതി 01 / 18-19 . 21.11.2018

ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുകഎന്നതായിരുന്ന പ്രോജക്ടിന്റെ ലക്ഷ്യം. 3,50,000/- രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ടെണ്ടറിൽ രേഖപ്പെടുത്തിയ തുകയേക്കാൾ അധികം തുക നൽകി. നഷ്ടം 66,225/- രൂപ

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികം തുക നൽകിയിട്ടുണ്ട്.

1.

| | |
|---|---|
| പ്രോജക്ട് | കാരച്ചാൽ സ്കൂൾ റിപ്പയർ |
| പ്രോജക്ട് നമ്പർ | 171/19 |
| അടങ്കൽ | ₹3,00,000/-വികസനഫണ്ട് |
| എസ്റ്റിമേറ്റ് തുക | ₹2,90,969/- |
| കോൺട്രാക്ടർ | ശ്രീ. അമ്മീദ്.എം.കെ |
| ഉടമ്പടി നം | 28/AE/LSGD/TVC/18-19 തീയതി 6.9.18 |
| ബിൽ നം./തീയതി/തുക | 62/18-19/19.11.18 തുക 299438/- |
| അധികം നൽകിയ തുക | ₹8469/- |

2.

| | |
|---|---|
| പ്രോജക്ട് | കോളിച്ചാൽ പുറക്കാടി റോഡ് ടാറിംഗ് |
| പ്രോജക്ട് നമ്പർ | 208/19 |
| അടങ്കൽ | ₹5,00,000/-വികസനഫണ്ട് |
| എസ്റ്റിമേറ്റ് തുക | ₹4,84,946/- |
| കോൺട്രാക്ടർ | ശ്രീ. വിൻസന്റ് ജേക്കബ് (എസ്ററിമേറ്റ് റേറ്റ്) |
| ഉടമ്പടി നം. | 9/AE/LSGD/TVC/18-19/13.08.18 |
| ബിൽ നം./തീയതി/തുക | 121/18-19/31.01.2019തുക 4,98,570/- |
| അധികം നൽകിയ തുക | ₹13,624/- |

3.

| | |
|---|---|
| പ്രോജക്ട് | തിറക്കുളം പത്തിമൂല റോഡ് സൈഡ് കെട്ട് മൺപണി |
| പ്രോജക്ട് നമ്പർ | 108/19 |
| അടങ്കൽ | ₹50,000/-വികസനഫണ്ട് |
| ധനകാര്യ കമ്മീഷൻ അവാർഡ് | ₹4,00,000/- |
| എസ്റ്റിമേറ്റ് തുക | ₹4,27,914/- |
| കോൺട്രാക്ടർ | ശ്രീ. സി.വിൽസൺ |
| ഉടമ്പടി നം | 2/AE/LSGD/TVC/18-19/08.08.18 |
| ബിൽ നം./തീയതി/തുക | 60/18-19/19.11.18തുക ₹50,000/- |
| | 61/18-19/19.11.18തുക ₹4,00,000/- |
| അധികം നൽകിയ തുക | ₹22,086/- |

4.

| | |
|---|---|
| പ്രോജക്ട് | വാളാട് എച്ച്.എച്ച്.എസ് മുണ്ടാടി കവല റോഡ് ടാറിംഗ് |
| പ്രോജക്ട് നമ്പർ | 159/19 |
| അടങ്കൽ | ₹3,00,000/- (മെയിന്റനൻസ് ഗ്രാന്റ്, റോഡ്) |
| എസ്റ്റിമേറ്റ് തുക | ₹2,90,976/- |
| കോൺട്രാക്ടർ | ശ്രീ. തോമസ്.പി.എം. |
| ഉടമ്പടി നം. | 045/AE/LSGD/TVC/18-19 /18.09.18 |
| ബിൽ നം./തീയതി /തുക | 85/18-19/22.12.18തുക 2,91,494/- |
| അധികം നൽകിയ തുക | ₹698/- |

5.

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസ് നവീകരണം |
| പ്രോജക്ട് നമ്പർ | 108/19 |
| അടങ്കൽ | ₹ 2,00,000/- |
| എസ്റ്റിമേറ്റ് തുക | ₹1,89,788/- |
| രേഖപ്പെടുത്തിയ നിരക്ക് | 0.05% കുറവ് |
| നൽകാവുന്ന തുക | ₹1,89,693/- |
| കോൺട്രാക്ടർ | ശ്രീ. സന്തോഷ് മാത്യു |
| ഉടമ്പടി നം. | 57A/AE/LSGD/TVC/18-19 /26.09.18 |
| ചെക്ക് നം./തീയതി / തുക | 2493026 തീയതി 04.12.18തുക 1,99,000/- |
| അധികം നൽകിയ തുക | ₹9,307/- |

6.

| | |
|---|---|
| പ്രോജക്ട് | അമ്പലം കരികുളത്തുംകര റോഡ് സൈഡ് പ്രൊട്ടക്ഷൻ |
| പ്രോജക്ട് നമ്പർ | 107/19 |
| അടങ്കൽ | ₹ 3,00,000/-വികസനഫണ്ട് +ധനകാര്യ കമ്മീഷൻ |
| എസ്റ്റിമേറ്റ് തുക | ₹2,90,969/- |
| രേഖപ്പെടുത്തിയ നിരക്ക് | 0.05% കുറവ് |
| നൽകാവുന്ന തുക | ₹1,89,693/- |
| കോൺട്രാക്ടർ | ശ്രീ. തോമസ്.പി.എം. |
| ഉടമ്പടി നം. | 44/AE/LSGD/TVC/18-19 /18.09.18 |
| ബിൽ നം./തീയതി / തുക | 59/18-19/19.11.18തുക 2,97,466/- |
| അധികം നൽകിയ തുക | ₹6,497/- |

7.

| | |
|---|---|
| പ്രോജക്ട് | ആലാർ കടവന്താർ റോഡ്ടാറിംഗ് |
| പ്രോജക്ട് നമ്പർ | 160/19 |
| അടങ്കൽ | ₹ 4,00,000/- (മെയിന്റനൻസ് ഗ്രാന്റ്, റോഡ്) |
| എസ്റ്റിമേറ്റ് തുക | ₹3,94,456/- |
| കോൺട്രാക്ടർ | ശ്രീ. കുര്യാച്ചൻ.കെ.കെ |
| ഉടമ്പടി നം. | 06/AE/LSGD/TVC/18-19 /18.09.18 |
| ബിൽ നം./തീയതി /തുക | 98/18-19/07.01.19തുക ₹ 4,00,000/- |
| അധികം നൽകിയ തുക | ₹5,544/- |

ആകെ അധികം നൽകിയ തുക ₹66,225/-

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.16തീയതി 21/10/2019ന് ലഭ്യമാക്കിയ മറുപടിയിൽ, വകയിരുത്തിയ തുക ചെലവഴിക്കുന്നതിനുവേണ്ടിതയാണ് ഇങ്ങനെ ചെയ്തത് എന്നാണ് അറിയിച്ചത്. B O Q പ്രകാരമുള്ള തുക മാത്രം നൽകിയാൽ മുഴുവൻ തുകയും ചെലവഴിക്കാൻ സാധിക്കില്ല എന്നും അറിയിച്ചു. ഇത് അംഗീകരിക്കാൻ സാധ്യമല്ല. കരാറുകാരൻ B O Q പ്രകാരം രേഖപ്പെടുത്തിയ തുക മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

# 3-2 പേര്യ 37 റോഡ് കോൺക്രീറ്റ് - പൊതുപണം ദുരുപയോഗം നടത്തി

| | |
|---|---|
| പ്രോജക്ട് | പേര്യ 37 റോഡ് കോൺക്രീറ്റ് |
| പ്രോജക്ട് നമ്പർ | 191/19 |
| അടങ്കൽ | ₹4,00,000/- |
| | ₹1,00,000/-വികസനഫണ്ട്(പൊതു വിഭാഗം) |
| എസ്റ്റിമേറ്റ് തുക | ₹2,90,969/- |
| കോൺട്രാക്ടർ | ശ്രീ. കെ.പി. ജോസഫ് |
| നിർവ്വഹണം | അസി. എഞ്ചിനീയർ |
| ഉടമ്പടി നം | 10/AE/LSGD/TVL/18-19 തീയതി 13.08.18 |
| ആകെ ചെലവഴിച്ച തുക | |
| ബിൽ നം./തീയതി/തുക | 103/18.01.2019 – 99,762/- |
| | 104/18.01.2019 – 4,00,000/- |

മാനന്തവാടി തലശ്ശേരി റോഡിൽ പേര്യ37 ബസ് സ്റ്റോപ്പിന് സമീപത്ത് നിന്നും ആരംഭിച്ച് 137 മീറ്റർ നീളത്തിലും 3മീറ്റർ വീതിയിലും 17.5 സെ.മീ കനത്തിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കൂടി കോൺക്രീറ്റ് പ്രവൃത്തി നടത്തുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും 15/10.2019ന് സാങ്കേതികവിഭാഗം ഉദ്യോഗസ്ഥരോടൊപ്പം നടത്തിയ സ്ഥലപരിശോധനയിൽ നിന്നും താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. പദ്ധതി തയ്യാറാക്കുന്നതിന് മുമ്പ് വനംവകുപ്പിന്റെ അനുമതി വാങ്ങിയിട്ടില്ല. അനുമതിയില്ലാത്തതിനാൽ വനംവകുപ്പിന്റെ സ്ഥലത്ത് റോഡ് പ്രവൃത്തി നടത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ റോഡിന്റെ നീളം കുറക്കേണ്ടി വന്നു. മാത്രമല്ല നിലവിൽ റോഡ് 85 മീറ്റർ മാത്രം നീളമുള്ളതും വനംവകുപ്പിന്റെ സ്ഥലത്തിന്റെ അതിരിൽ അവസാനിക്കുന്നതുമായ നിലയിലാണ്. ഈ റോഡിന് നിലവിലുള്ളതിനേക്കാൾ നീളം ലഭിക്കുന്നതിനോ മറ്റൊരു റോഡിലേക്ക് ബന്ധിപ്പിക്കുന്നതിനോ സാധ്യതയില്ലാത്തതിനാൽ റോഡിന്റെ വീതി കൂട്ടേണ്ടതില്ല.

2. നിലവിലെ എസ്റ്റിമേറ്റ് പ്രകാരമുള്ള റോഡ് വീതി കൂട്ടുന്നതിന് ഭരണ സമിതി അംഗീകാരം നൽകിയതായി കാണുന്നില്ല. അത്തരത്തിൽ ഭരണസമിതി അംഗീകാരം നൽകിയിട്ടുണ്ടെങ്കിൽ ആയത്

ഹാജരാക്കേണ്ടതാണ്.

3. റോഡിന്റെ വീതി കൂട്ടുന്നതിനുള്ള കാരണമായി എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; റോഡിന്റെ നീളം കൂട്ടാൻ വനംവകുപ്പിന്റെ അനുമതിയില്ലാത്തതിനാൽ പ്രവൃത്തിയുടെ നീളം കുറച്ച് റോഡിന്റെ വീതി കൂട്ടി പ്രവൃത്തി ചെയ്യുന്നു എന്നാണ്. ഇതിന് ലഭിച്ചിട്ടുള്ള അനുമതികളോ ആയത് അത്യാവശ്യമാണെന്ന് തെളിയിക്കുന്ന രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനുണ്ടായ അടിയന്തര സാഹചര്യം വ്യക്തമല്ല.

എസ്റ്റിമേറ്റ് തയ്യാറാക്കിയത് 3 മീറ്റർ വീതിയിലുള്ള റോഡ് നിർമ്മിക്കുന്നതിനാണ്. നിലവിലെ സാഹചര്യം പരിഗണിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നതിനാൽ പദ്ധതിയ്ക്കായി തയ്യാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റ് തുക മുഴുവൻ ചെലവഴിക്കുന്നതിന് മാത്രമായി വീതി കൂട്ടി എന്നാണ്, ഓഡിറ്റ് എൻക്വയറിക്ക് (നം. 12 തീയതി 17/10/2019) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഇത് സർക്കാർ ഉത്തരവിന് വിരുദ്ധവും പൊതു പണത്തിന്റെ ദുരുപയോഗവുമാണ്. എം.ബുക്ക് പേജ് നം 6,7, 8, 9 എന്നിവ പ്രകാരം കോൺക്രീറ്റ് പ്രവൃത്തികൾക്ക് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | നിലവിൽ ചെയ്ത അളവ് | 3 മീറ്റർ വീതിയിൽ ചെയ്യാനാവശ്യമായ അളവ് | അധികം ചെയ്ത അളവ് | എം.ബുക്ക് പ്രകാരമുള്ളത് | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1:4:8 കോൺക്രീറ്റ് പ്രവൃത്തി | $38.26m^3$ | 25.5 | 12.76 | $6190.56m^3$ | ₹78,992/- |
| 1:2:4 കോൺക്രീറ്റ് പ്രവൃത്തി | $28.65m^3$ | 19.13 | 9.52 | $7578.25m^3$ | ₹72,145/- |
| ആകെ | | | | | ₹1,51,137/- |

മേൽ തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 കുടുംബശ്രീ സംരംഭങ്ങൾക്ക് ധനസഹായം - മാർഗ്ഗരേഖ ലംഘനം- നഷ്ടം -50000/- രൂപ

| | |
|---|---|
| പ്രോജക്ട് നം. | S0051/19 |
| പ്രോജക്ട് | കുടുംബശ്രീ സംരംഭങ്ങൾ തുടങ്ങുന്നതിന് ധനസഹായം |
| അടങ്കൽ | ₹3,00,000/-(വികസനഫണ്ട്) |
| ചെലവ് | ₹2,00,000/- |
| ബിൽ നം./തീയതി | 09/18-19/25/10/2018 - തുക -100000/-<br>20/-18-19/23/03/2019 – തുക -100000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ഗ്രൂപ്പുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങൾക്ക് പ്രോജക്ട് പ്രൊപ്പോസിലിന്റെ അടിസ്ഥാനത്തിൽ വായ്പകൾക്ക് ശുപാർശ ചെയ്യുകയും, ലഭിച്ച വായ്പയുടെ 50 ശതമാനമോ അല്ലെങ്കിൽ 1,00,000/- യോ ഏതാണോ കുറവ് അത് ബാക്ക് എന്റ് സബ്സിഡി ആയി സംരംഭത്തിന് നൽകുകയാണ് പദ്ധതി ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ 22-ാം വാർഡിലെ സ്റ്റാർസ് എൽ.ഇ.ഡി നിർമ്മാണ യൂണിറ്റിനും, 10-)ം വാർഡിലെ ഉദയഗിരിയിലെ പ്രതീക്ഷ കുടുബശ്രീയുടെ ആട് വളർത്തൽ യൂണിറ്റിനുമാണ് 1,00,000/-രൂപ വീതം മേൽ ബില്ലുകൾ പ്രകാരം മാറി കുടുംബശ്രീ ഗ്രൂപ്പുകളുടെ അക്കൗണ്ടിലേയ്ക്ക് സബ്സിഡി നൽകിയിട്ടുള്ളത്.

പദ്ധതി മാർഗ്ഗരേഖ (സ.ഉ (കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14/02/2018) പ്രകാരം ആട് പ്രജനന യൂണിറ്റ് തുടങ്ങുന്നതിന് 19 പെണ്ണാടും, ഒരു മുട്ടനാടും ഉൾപ്പെടെ 20 ആടുകളുള്ള യൂണിറ്റിനാണ് 1,00,000/-രൂപ സബസിഡിയായി നൽകാവുന്നത്, കൂടാതെ ആടുകൾക്ക് ജില്ലാതലത്തിൽ വില നിശ്ചയിക്കണമെന്നും,വില കണക്കാക്കുമ്പോൾ ഇൻഷുറൻസ്,കടത്തുകൂലി എന്നിവ ഉൾപ്പെടുത്താൻ പാടില്ല അവ ഗുണഭോക്താക്കൾ വഹിക്കണമെന്നും പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രതീക്ഷ കുടുംബശ്രീ 10 (8 പെണ്ണാടും, 2മുട്ടനാടും) ആടുകളെ വാങ്ങി ഇൻഷുർ ചെയ്തായി മാത്രമേ ഫയലിൽ രേഖകൾ ഉള്ളൂ. 19 പെണ്ണാടും, ഒരു മുട്ടനാടും ഉൾപ്പെടെ 20 ആടുകളുള്ള യൂണിറ്റിനാണ് 1,00,000/-രൂപ സബസിഡിയായി നൽകാവുന്നത്. 10 അംഗങ്ങളുടെ പേരിൽ വ്യക്തിഗതമായി ആണ് ആടുകളെ ഇൻഷുർ ചെയ്തിട്ടുള്ളത്. ഗ്രൂപ്പ് അടിസ്ഥാനത്തിലല്ലാതെ പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയതിനും,10 ആടുകളെ മാത്രം വാങ്ങിയ പ്രതീക്ഷ കുടുംബശ്രീയ്ക്ക് 1,00,000/- രൂപ സബ്സിഡി നൽകിയതും എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 06/18-19,തീയ്യതി 15/10/2019യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രൂപ്പ് അടിസ്ഥാനത്തിലല്ലാതെ പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കിയതിനും,10 ആടുകളെ മാത്രം വാങ്ങിയ പ്രതീക്ഷ കുടുംബശ്രീയ്ക്ക് 1,00,000/- രൂപ സബ്സിഡി നൽകിയതിനും മറുപടി ലഭ്യമാക്കേണ്ടതാണ്. കൂടാതെ അധികം നൽകിയ സബ്സിഡി തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22.05.2019 – 23.05.2019 | കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.)പി.2-460/2019/ തീയതി 27.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 311440 | നെൽകൃഷി കൂലി ചെലവ് | 311440 | 0 |
| ജില്ല പഞ്ചായത്ത് | 225420 | നെൽകൃഷി കൂലി ചെലവ് (ടി.എസ്.പി) | 225420 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 311440 | നെൽകൃഷി കൂലി ചെലവ് | 311440 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 225420 | നെൽകൃഷി കൂലി ചെലവ് (ടി.എസ്.പി) | 225420 | 0 |
| ജില്ല പഞ്ചായത്ത് | 800000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 800000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ജില്ല പഞ്ചായത്ത് | 3123907 | ലൈഫ് ജനറൽ | 3118844 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2961156 | ലൈഫ് ജനറൽ | 2961156 | 0 |
| ജില്ല പഞ്ചായത്ത് | 287293 | ലൈഫ് (എസ്.സി.പി ) | 0 | 287293 |
| ബ്ലോക്ക് പഞ്ചായത്ത് | 312596 | ലൈഫ് (ടി.എസ്.പി ) | 0 | 312596 |
| ബ്ലോക്ക് പഞ്ചായത്ത് | 269917 | ലൈഫ് (ടി.എസ്.പി ) | 0 | 269917 |
| ജില്ല പഞ്ചായത്ത് | 681550 | ലൈഫ് (ടി.എസ്.പി ) | 0 | 681550 |
| ജില്ല പഞ്ചായത്ത് | 300000 | ഭിന്നശേഷി സ്കോളർഷിപ്പ് | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 379600 | ഭിന്നശേഷി സ്കോളർഷിപ്പ് | 379600 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 4,63,681/- | 4,63,681/- | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

--ഇല്ല--

# 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ച |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | ബാക്കിയുണ്ടായിരുന്ന തുക | | | ടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ് ലോൺ | സ.ഉ.(സാധ)നം.428/10 തസ്വഭവ 15/03/10 | 2,15,95,850 | 15,54,150 | 15,54,150 | -- | --- |

# 4-6 സ്ഥിര നിക്ഷേപം

--ഇല്ല--

# 4-7 ഓഡിറ്റ് റിക്കവറി

--ഇല്ല--

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-)ം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 42 | 2002-03 | 12(4)(i) | കാർഷിക ഉപകരണങ്ങൾ വാങ്ങിയതിൽ അപാകതകൾ | നിലനിൽക്കുന്നു. |
| 1998-99 | 29 | 2002-03 | 12(4)(ii) | കമ്മ്യൂണിറ്റി ഹെൽത്തുസെന്റർ – വൈദ്യുതി ബിൽ സർചാർജ്ജ് അടച്ചത് അനുവദനീയമല്ല | |
| 1998-99 | 31 | 2002-03 | 12(4)(ii) | എയ്ഡഡ് സ്കൂളുകൾക്ക് ഫർണ്ണീച്ചർ നൽകിയത്- തുക അനുവദനീയമല്ല | |
| 1998-99 | 35 | 2002-03 | 12(4)(iv) | വനിതകളുടെ തേയിലപ്പൊടി പായ്ക്കിംഗ് & സെല്ലിംഗ് യൂണിറ്റ് | |
| 1999-00 | 29 | 2003-04 | 3-12(5) | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ-തുക വക മാറ്റി ചെലവഴിച്ചത് – 14202 | |
| 1999-00 | 35 | 2003-04 | 3-12(5) | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ – സൂപ്പർവിഷൻ ചാർജ്ജ് അധികം നൽകിയത്- 25855 | |
| 2015-16 | | 2016-17 | 2(2) | തൊഴിൽനികുതി | പരിഹരിച്ചു വരുന്നു. |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

--ഇല്ല--

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹168065031/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹184198670/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹267362/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹300000/- |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | ₹66,225 | ജയകുമാർ.ജി ,അസി.എഞ്ചിനീയർ |
| 3-2 | -- | ₹151137 | ജയകുമാർ.ജി, അസി.എഞ്ചിനീയർ |
| 3-3 | | ₹50,000/- | റോഷ്നി. എ. വി. വി.ഇ.ഒ |
| ആകെ | | ₹267362/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | ₹300000 | ജയകുമാർ.ജി ,അസി.എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയകുമാർ.ജി , അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് | താഴത്ത് ചപ്പള്ളിൽ, ചക്കുവരയ്ക്കൽ പി.ഒ, കുന്നിക്കോട്, |
| റോഷ്നി.എ.വി, വി.ഇ.ഒ | വി.ഇ.ഒ, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | അമ്പാടി വീട്, തരുവണ മാനന്തവാടി |

(ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽവിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഡബ്ല്യൂ.പി.1-549/98/14.06.2019 |
| 1997-98 | എൽ.എഫ്.ഡബ്ല്യൂ.പി4-663/01/14.06.2019 |
| 1998-99 | എൽ.എഫ്.ഡബ്ല്യൂ.പി4- 9/2002/14.06.2019 |
| 1999-2000 | എൽ.എഫ്.ഡബ്ല്യൂ.പി4 – 90/2003/14.06.2019 |
| 2000-01 | എൽ.എഫ്.ഡബ്ല്യൂ.പി3 -379/2005 / 14.06.2019 |
| 2000-01 | എൽ.എഫ്.ഡബ്ല്യൂ.പി4- 407/04/14.10.2004 |
| 2001-02 | എൽ.എഫ്.ഡബ്ല്യൂ.പി4-719/2006 / 14.06.2019 |
| 2001-02 | എൽ.എഫ്.ഡബ്ല്യൂ.പി4 -487/03 /14.10.2004 |
| 2002-03 | എൽ.എഫ്.ഡബ്ല്യൂ.പി3-22/07/14.06.2019 |
| 2003-04 | എൽ.എഫ്.ഡബ്ല്യൂ. പി3- 689/2007/14.06.2019 |
| 2004-05 | എൽ.എഫ്.ഡബ്ല്യൂ.പി3- 690/2007/14.06.2019 |
| 2005-06 | എൽ.എഫ്.ഡബ്ല്യൂ.പി3-406/2009 / 14.06.2019 |
| 2006-07 | എൽ.എഫ്.ഡബ്ല്യൂ. പി3- 621/10/16.12.2011 |
| 2007-08 | എൽ.എഫ്.ഡബ്ല്യൂ. പി3- 625/10(1) /24.07.2015 |
| 2008-09 | എൽ.എഫ്.ഡബ്ല്യൂ. പി3-1096/11 /1.1.13 |
| 2009-10 | എൽ.എഫ്.ഡബ്ല്യൂ.പി3- 451/12/10.02.2012 |
| 2010-11 | എൽ .എഫ്.ഡബ്ല്യൂ.പി3- 450/12/1.1.13 |
| 2011-12 | എൽ.എഫ്.ഡബ്ല്യൂ. പി2- 776/13 / 30.08.2019 |
| 2012-13 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി2-149/15 /3.8/2019 |
| 2013-14, 14-15 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി2- 132/16 /30.08.2019 |
| 2015-16 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി) പി2/10 /17/14.03.2018 |
| 2016-17 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി.2/593/ 17 /11.01.2018 |
| 2017-18 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി.2 -128/19 / 01.08.2019 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

...

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഡബ്ല്യ.വൈ.ഡി.പി2-893/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 03.02.2020

Phone- 04936 203672

Email- dowyd.ksad@kerala.gov.in.

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4 -ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും/1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും വയനാട് തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 31/03/2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറിൻെറ പരിശോധിന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൻെറ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എൻെറ അഭിപ്രായത്തിൽ തവിഞ്ഞാൽ ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

# അനുബന്ധം- 2 ന്യൂനതകളുടെ സംഗ്രഹം

അനുബന്ധം

ന്യൂനതകളുടെ സംഗ്രഹം

1. 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ പ്രതിപാദിച്ച വിശേഷണങ്ങൾ ക്രമനമ്പർ 8,9,10,14 എന്നിവ പരിഹരിച്ചിട്ടില്ല.

2.കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി (MNREGA ഒഴികെ) പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നില്ല. തനത് ഫണ്ട് (ട്രഷറി) നിക്ഷേപിച്ചിട്ടുള്ള സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3.B-4 അക്കൗണ്ടിലെ ഹെഡ് ഓഫ് അക്കൗണ്ട് 320700405 തുക 437011 തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. sale of tender register സൂക്ഷിക്കുന്നില്ല.

6.ഷെഡ്യൂൾ (I-18) പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള വസ്തുനികുതി, തൊഴിൽനികുതി എന്നിവയുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. റീക്കൺസിലേഷൻ - കോപ്പറേറ്റീവ് ബാങ്ക് -tmp acct for try excess എന്ന അക്കൗണ്ടിൽ - 5667/- വാർഷികകണക്ക് പ്രകാരം നീക്കിയിരിപ്പുണ്ട് എന്നാൽ റീക്കൺസിലേഷൻ നടത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്